# വ്യവസായ കേരളം

46

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 AUGUST 2023


## പിഎംഎഫ്എംഇ പദ്ധതിയിൽ
# മിന്നും പ്രകടനവുമായി കേരളം

PMFME
सूक्ष्म उद्यमों का संबल

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽമുടക്കിന്റെ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പിന്തുണ ലഭ്യമാക്കുന്ന പദ്ധതിയായ പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയിൽ മിന്നും പ്രകടനവുമായി കേരളം. ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് വായ്പ ലഭ്യമാക്കുന്നതിൽ ദേശീയ തലത്തിൽ നാലാം സ്ഥാനത്താണ് കേരളം. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് നോഡൽ ഡിപ്പാർട്മെന്റായ പദ്ധതി പ്രകാരം കേരളത്തിലെ ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന 1250 യൂണിറ്റുകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം 581 യൂണിറ്റുകൾക്ക് 15.09 കോടി രൂപ ഇതിനകം സബ്സിഡിയായി നൽകുകയുണ്ടായി.

**വായ്പ ലഭ്യമാക്കുന്നതിൽ ദേശീയ തലത്തിൽ**
**നാലാം സ്ഥാനം**

നേരത്തെ **പിഎംഎഫ്എംഇ പദ്ധതിയുടെ സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ ദേശീയ തലത്തിൽ കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു.** കേരളത്തിൽ നിന്ന് സമർപ്പിച്ച 925 ആപ്ലിക്കേഷനുകളാണ് സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ അർഹരായത്. 96.90% ആയിരുന്നു കേരളത്തിന്റെ പ്രകടന നിലവാരം.



സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുകയാണ് പിഎംഎഫ്എംഇ. പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി ലഭിക്കും. ഓരോ ജില്ലയിലെ പ്രധാന കാർഷിക വിഭവങ്ങളുടേയും അവയുടെ മൂല്യവർധിത ഉത്പന്നങ്ങളുടേയും വിപണിയും വരുമാനവും ഉറപ്പു വരുത്താനായി ഒരു ജില്ല ഒരു ഉത്പന്നം (ഒഡിഒപി) മാതൃകയും ഈ പദ്ധതി വഴി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് ഡിസ്ട്രിക്റ്റ് നോഡൽ പോയിന്റ്. ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഒരു മാനേജർ, ഡിസ്ട്രിക്റ്റ് നോഡൽ ഓഫീസർ ആയി പ്രവർത്തിക്കുന്നു.

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്) ആണ് പിഎംഎഫ്എംഇ പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന നോഡൽ ഏജൻസി. പ്രാദേശിക തലത്തിൽ കാർഷികഭക്ഷ്യ സംസ്കരണവുമായി മുന്നോട്ട് പോകുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്പിഒകൾ), സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ), സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനവും പിന്തുണയും പദ്ധതിയിലൂടെ ലഭിക്കും. പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് പിന്തുണ നൽകുന്നതിനുമായി 135 ജില്ലാ റിസോഴ്സ് പേഴ്സൺസിനെയും (ഡിആർപി) എല്ലാ ജില്ലകളിലുമായി നിയമിച്ചിട്ടുണ്ട്. അരി, പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ സംസ്കരണത്തിനായി കേരള കാർഷിക സർവകലാശാല തൃശ്ശൂരിൽ ഒരു അഗ്രി ബിസിനസ് ഇൻകുബേറ്ററും പിഎംഎഫ്എംഇ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.

## ദേശീയ പുരസ്കാര നിറവിൽ
# കേരള സംസ്ഥാന കയർ കോർപ്പറേഷൻ

പരമ്പരാഗത വ്യവസായ രംഗത്ത് കുതിപ്പിന് ശ്രമിക്കുന്ന കേരള സംസ്ഥാനകയർ കോർപ്പറേഷനെ തേടി ദേശീയ പുരസ്കാരം. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന അഖിലേന്ത്യാ ബിസിനസ് ഡവലപ്മെന്റ് അസോസിയേഷൻ നൽകുന്ന ഗുണമേന്മാ പുരസ്കാരമാണ് സംസ്ഥാന കയർ കോർപ്പറേഷന് ലഭിച്ചിരിക്കുന്നത്. നിരവധി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിച്ചതിന് ശേഷമാണ് സ്ഥാപനം ഈ പുരസ്കാരത്തിന് അർഹത നേടിയിരിക്കുന്നത്.

കയർഭൂവസ്ത്രം ഉൾപ്പെടെ പരിസ്ഥിതിക്കിണങ്ങിയതും പ്രകൃതിക്ക് സംരക്ഷണമൊരുക്കുന്നതുമായ ഉൽപ്പന്നങ്ങൾ ദേശീയതലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കുന്ന ഘട്ടത്തിലാണ് കേരള സംസ്ഥാന കയർ കോർപ്പറേഷന് ഇത്തരം ഒരു പുരസ്കാരം ലഭിച്ചിരിക്കുന്നത്. മികച്ച പദ്ധതികളുമായി സ്ഥാപനത്തിന് മുന്നോട്ടുപോകാൻ പുരസ്കാര നേട്ടം ഊർജം പകരും.

2023 ജൂലൈ 31 ന്യൂഡൽഹിയിലെ കോൺസ്റ്റിട്യൂഷൻ ക്ലബ് ഓഫ് ഇന്ത്യ ഹാളിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.






# പൊതുമേഖലാ സ്ഥാപനങ്ങൾ കൂടുതൽ മികവിലേക്ക്

## സർക്കാർ നോമിനീ ഡയറക്ടർമാർ, മറ്റ് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു

സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ കൂടുതൽ പ്രൊഫഷണലൈസ് ചെയ്യുന്നതിൻറെ ഭാഗമായി സർക്കാർ നോമിനീ ഡയറക്ടർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. 2023 ജൂലൈ 5 ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ റിയാബ് സംഘടിപ്പിച്ച ട്രെയിനിങ് പ്രോഗ്രാം ബഹു. നിയമ, വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. വ്യവസായ വകുപ്പിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി. ആനി ജൂല തോമസ് IAS, റിയാബ് ചെയർമാൻ ഡോ. ആർ. അശോക്, റിയാബ് മെമ്പർ സെക്രട്ടറി ശ്രീ. കെ. പത്മകുമാർ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

സർക്കാരിനെ പ്രതിനിധികരിക്കുന്ന സെക്രട്ടറിയേറ്റിലെ വ്യവസായ വകുപ്പ്, ഡറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്‌സ്, ഡറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റിൽസ് എന്നിവിടങ്ങളിലെ സർക്കാർ നോമിനീ ഡയറക്ടർമാർ കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ ഓഫീസർ മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർ എന്നിവർക്കാണ് ട്രെയിനിങ് സംഘടിപ്പിച്ചത്. ആദ്യ ഘട്ടം എന്ന നിലയിൽ കമ്പനി നിയമത്തിലും, ഡയറക്ടർമാരുടെ കർത്തവ്യങ്ങളെ പറ്റിയും ഉള്ള ഒരു അവബോധമാണ് ഈ ട്രെയിനിങ് പ്രോഗ്രാമിലൂടെ നൽകിയത്.

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർമാർക്ക് കമ്പനി നിയമം, പെർഫോമൻസ് ഓഡിറ്റ്, ഫിനാൻഷ്യൽ & നോൺ ഫിനാൻഷ്യൽ അനാലിസിസ് (റിസ്ക് അനാലിസിസ്), സ്ട്രാറ്റജിക് മാനേജ്മെൻറ് തുടങ്ങി വിവിധ തരം ട്രെയിനിങ്ങുകൾ റിയാബ് സംഘടിപ്പിച്ചു വരുന്നു. ചെയർമാൻ, മാനേജിങ് ഡയറക്ടർ, ഗവണ്മെന്റ് നോമിനീ, പ്രൊഫഷണൽ/ഇൻഡിപെൻഡൻറ് ഡയറക്ടർ, ഓർഡിനറി ഡയറക്ടർ എന്നിങ്ങനെ വിവിധ തരം ഡയറക്ടർ ബോർഡ് അംഗങ്ങളാണ് ഉള്ളത്. ഓരോ വിഭാഗം ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും പ്രത്യേകം ട്രെയിനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതാണ്.

പ്രാക്ടിസിങ് കമ്പനി സെക്രട്ടറി ശ്രീമതി.ജയശ്രീ സി. എസ് സെഷനുകൾ നയിച്ചു. തുടർന്ന് സംഘടിപ്പിച്ച പാനൽ ഡിസ്കക്ഷനിൽ വ്യവസായ വകുപ്പിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി. ആനി ജൂല തോമസ് IAS, റിയാബ് മെമ്പർ സെക്രട്ടറി ശ്രീ.കെ. പത്മകുമാർ റിയാബിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




## വ്യവസായ സൗഹൃദ കേരള ഫോട്ടോഗ്രാഫി മത്സരവുമായി കെ.എസ്.ഐ.ഡി.സി

കേരളത്തിലെ സംരംഭകാന്തരീക്ഷം വിളിച്ചോതുന്നതിനും സംരംഭക സൗഹാർദ്ദ നടപടികൾ കൂടുതൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി 'വ്യവസായ കേരളം' എന്ന വിഷയത്തിൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മത്സരത്തിന് കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് കൂടുതൽ പ്രചോദനമേകുന്ന ചിത്രങ്ങളാണ് പരിഗണിക്കുന്നത്.

2023 സെപ്റ്റംബർ 5 ആണ് എൻട്രികൾ സമർപ്പിക്കാനുള്ള അവസാന തീയതി. താത്പര്യമുള്ളവർ **contest@ksidcmail.org** ലേക്ക് ചിത്രങ്ങൾ അയക്കണം. മത്സര നിബന്ധനകളും വിശദ വിവരങ്ങളും അറിയുന്നതിനായി കെ.എസ്. ഐ.ഡി.സി. യുടെ ഫേസ്ബുക്ക് പേജും ഇൻസ്റ്റാഗ്രാമും സന്ദർശിക്കണം.

## അരക്കോടിയാക്കി വനിതാ സംരംഭകർക്കുള്ള

# വി മിഷൻ വായ്പ



വനിതാ സംരംഭകർക്ക് കൈത്താങ്ങായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) വി മിഷൻ പദ്ധതി. വനിത സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി നൽകുന്ന വി മിഷൻ കേരള' വായ്പ അരക്കോടിയാക്കി ഉയർത്തി. നേരത്തെ ഇത് 25 ലക്ഷമായിരുന്നു. 7.5 ശതമാനമാണ് പലിശ.

ഉത്പാദന മേഖലയിൽ നിലവിൽ ഒരു വർഷം പൂർത്തീകരിച്ചതും പത്തു ലക്ഷം രൂപ വിറ്റു വരവുള്ളതുമായ വനിതാ സംരംഭക യൂണിറ്റുകളുടെ വിപുലീകരണത്തിനും നവീകരണത്തിനുമാണ് വി മിഷൻ മുഖേന വായ്പ നൽകി വരുന്നത്. പദ്ധതി ചെലവിന്റെ 80 ശതമാനം വരെയാണ് വായ്പ ലഭ്യമാകുക. വിശദ വിവരങ്ങൾക്ക് www.ksidc.org എന്ന വെബ്സൈറ്റിലും 0484 2323010 എന്ന നമ്പറുമായും ബന്ധപ്പെടാം.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.